

# ദർശനം

**Voice of Karattukunnel**

കാരാട്ടുകുന്നേൽ സെന്റ് മേരീസ് യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം | പുസ്തകം 6 | ലക്കം 1 | ഓഗസ്റ്റ് 2012 | പേജ് 6



**ప. പിതാവേ സമാധാനത്താലെ പോവുക...**

**കാലം ചെയ്ത പൗലോസ് മാർ പക്കോമിയോസ് തിരുമേനിക്ക് കാരാട്ടുകുന്നേൽ സെന്റ് മേരീസ് യുവജന പ്രസ്ഥാനത്തിന്റെ ആദരാഞ്ജലികൾ**



**ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം 76-ാമത് അന്തർദേശീയ വാർഷിക സമ്മേളനം പന്തളത്ത് പ. കാതോലിക്കാബാവാ ഉദ്ഘാടനം ചെയ്യുന്നു.**

## "മറ്റുള്ളവർക്കുവേണ്ടി ജീവിക്കുക:" ഡോ. തോമസ് അത്താനാസ്യോസ്



അമയന്നൂർ: കാരാട്ടുകുന്നേൽ സെന്റ് മേരീസ് പള്ളിയിലെ ശൂനോയോ സംഗമം 2012 ആഗസ്റ്റ് 1-ാം തീയതി ഉടുമ്പനാട്ട് ശ്രീ. ജെ. തോമസിന്റെ ഭവനത്തിൽ വച്ച് കണ്ടനാട് ഈസ്റ്റ് ഭദ്രാസനാധിപൻ അഭി. ഡോ. തോമസ് മാർ അത്താനാസിയോസ് തിരുമനസ്സുകൊണ്ട് ഉദ്ഘാടനം ചെയ്തു. മറ്റുള്ളവർക്കുവേണ്ടി ജീവിക്കുവാൻ മെത്രാപ്പോലീത്താ ആഹ്വാനം ചെയ്തു. തുടർന്നുള്ള ദിനങ്ങളിൽ വിവിധ ഭവനങ്ങളിലായി നടത്തപ്പെട്ട ശൂനോയോ സംഗമത്തിൽ മലങ്കരസഭയിലെ പ്രഗത്ഭരായ വൈദികർ സന്ദേശം നൽകി.

ശൂനോയോസംഗമത്തിന്റെ സമാപനസമ്മേളനം ആഗസ്റ്റ് 13-ാം തീയതി തിങ്കളാഴ്ച ചേരിയിൽ ശ്രീ. വി. എ. ജോണിന്റെ ഭവനത്തിൽ വച്ച് നടത്തപ്പെടുന്നു. റവ. ഫാ. ജേക്കബ് വർഗീസ് സുവിശേഷ പ്രഘോഷണം നടത്തുന്നതായിരിക്കും.

ആഗസ്റ്റ് 15-ാം തീയതി ബുധനാഴ്ച വാങ്ങിപ്പു പെരുനാൾ റവ. ജി. എം. സ്ക്കറിയ റമ്പാച്ചന്റെ മുഖ്യ കാർമ്മികത്വത്തിൽ ആഘോഷിക്കുന്നു.

## കാതോലിക്കേറ്റ് സ്ഥാപന ശതാബ്ദി: നവംബർ 25-ന് മഹാസമ്മേളനം

കൊച്ചി: കാതോലിക്കേറ്റ് സ്ഥാപന ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി മലങ്കര ഓർത്തഡോക്സ് സഭ നവംബർ 25 ന് എറണാകുളത്ത് ശതാബ്ദി സംഗമവും മഹാസമ്മേളനവും നടത്തും. ശതാബ്ദി ആഘോഷ കമ്മറ്റി പ്രാദേശിക ഓഫീസ് കലൂരിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മെത്രാപ്പോലീത്താമാരായ ഡോ. യാക്കോബ് മാർ ഐറേനിയസ്, യൂഹാനോൻ മാർ പോളിക്കാർപ്പോസ് എന്നിവരുടെ സാന്നിധ്യത്തിൽ ചേർന്ന യോഗത്തിൽ സ്വാഗത സംഘം രൂപീകരിച്ചു.

വൈദികട്രസ്റ്റി ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്, അസോസിയേഷൻ സെക്രട്ടറി ഡോ. ജോർജ്ജ് ജോസഫ്, വർക്കിംഗ് കമ്മറ്റി മെമ്പർ ഡോ. കെ. പി. ജോണി, അലക്സാണ്ടർ കെ. ജോൺ, കെ. കെ. ജോർജ്ജ്, പി. എ. അലക്സാണ്ടർ, ഫാ. പി. ഐ വർഗീസ്, ഫാ. കെ.ടി. ഫിലിപ്പ്, റോണി വർഗീസ് ഏബ്രഹാം, ഫാ. സൈമൺ തുടങ്ങിയവർ പ്രസംഗിച്ചു.

## റവ. ഫാ. തോമസ് വറുഗീസ് കാവുങ്കൽ കോട്ടയം ഭദ്രാസന സെക്രട്ടറി



കോട്ടയം: മലങ്കര ഓർത്തഡോക്സ് സഭയുടെ കോട്ടയം ഭദ്രാസന സെക്രട്ടറിയായി റവ. ഫാ. തോമസ് വറുഗീസ് കാവുങ്കൽ തിരഞ്ഞെടുക്കപ്പെട്ടു. വെള്ളൂക്കുട്ട സെന്റ് തോമസ് പള്ളി വികാരിയായി സേവനം അനുഷ്ഠിക്കുന്ന അച്ചൻ പങ്ങട സെന്റ് മേരീസ് പള്ളി ഇടവകാംഗമാണ്.



**"എല്ലാ വായനക്കാർക്കും തിരുവോണാശംസകൾ"**

**തേക്കുങ്കൽ ലിജിൻ മാത്യു മെമ്മോറിയൽ ഭദ്രാസനതല സംഗീത മത്സരം 26-08-2012 ഞായറാഴ്ച 1.30 പി. എം. ന്**


### വിവാഹ മംഗളാശംസകൾ...



ഡോ. എലിസബത്ത് കെ. ജോസഫ് & ഡോ. റോയി ഈപ്പൻ
കുന്നേൽ, അമയന്നൂർ — ചക്കാലയിൽ, നാലാഞ്ചിറ

### സപ്തതി നിറവിൽ (25-8-2012)

BEST WISHES



**T. C. Chacko Thypparampil**

മക്കളും കൊച്ചുമക്കളും

## എഡിറ്റോറിയൽ

ദർശനം
പുസ്തകം 6 ലക്കം 1 ഓഗസ്റ്റ് 2012

'അമ്മേ അമ്മേ എന്നു വിളിച്ചു നിൻ സവിധത്തിൽ
ഓടിക്കൂടുന്നീയേഴകളെ തള്ളീടല്ലേ....'

അമ്മയുടെ സവിധത്തിൽ അടുത്തിരിക്കുവാൻ, അമ്മയുടെ സ്നേഹത്തെ അടുത്തറിയുവാൻ ഇതാ ഒരു ശൂനോയോകാലം നമുക്കു ലഭിച്ചിരിക്കുന്നു. പരിശുദ്ധയായ അമ്മയുടെ മദ്ധ്യസ്ഥതയിൽ നമുക്ക് അഭയപ്പെടാം, നമ്മുടെ ദുഃഖങ്ങളെയും ഭാരങ്ങളെയും അമ്മയുടെ മുമ്പാകെ ഇറക്കി വക്കാം, തന്റെ ഏകപുത്രനോട് നമുക്കുവേണ്ടി യാചിക്കണമേ എന്ന് അമ്മയോട് അർത്ഥിക്കാം.

നാം കടന്നുവന്ന ജീവിതയാത്രയിൽ എത്രയോ നോമ്പുകൾ നമ്മെ കടന്നു പോയിരിക്കുന്നു. എന്നാൽ നമ്മുടെ ജീവിതത്തെ എങ്ങനെ സ്വാധീനിച്ചു എന്നു തിരിഞ്ഞു ചിന്തിക്കാം. നാം പിന്തുടർന്നു വന്ന ജീവിതശൈലിക്ക് നോമ്പിന്റെ കാലഘട്ടത്തിൽ ഒരു താല്ക്കാലിക വിരാമം നൽകി ആ കാലഘട്ടം പ്രാർത്ഥനയിലും ഉപവാസത്തിലും കഴിച്ചുകൂട്ടുവാൻ ശ്രമിക്കുന്നു. എന്നാൽ നോമ്പ് അവസാനിക്കുമ്പോൾ പഴയ ജീവിതശൈലിയിലേക്ക് നാം മടങ്ങി പോകുന്നുവെങ്കിൽ നോമ്പുകൾ അർത്ഥശൂന്യമായിത്തീരുന്നു. ഈ ശൂനോയോ നോമ്പ് അപ്രകാരമാകാതെ നമ്മുടെ ജീവിതനവീകരണത്തിനു ഹേതുവാകട്ടെ എന്നു ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

ഒരു ചെറിയ ഇടവേളക്കു ശേഷം 'ദർശനം' വീണ്ടും ഏവരുടെയും കൈകളിൽ എത്തിച്ചേരുകയാണ്. നിറഞ്ഞ ഹൃദയത്തോടെ ദൈവത്തെ സ്തുതിക്കുന്നു. മദ്ധ്യ വേനലവധിക്കുശേഷം സ്കൂളുകൾ തുറന്ന് രണ്ടു മാസത്തോളം പിന്നിട്ടിരിക്കുന്നു. എങ്കിലും അറിവിന്റെ ആദ്യാക്ഷരങ്ങൾ രുചിച്ച കൊച്ചു കൂട്ടുകാർക്ക് എല്ലാവിധ നന്മകളും ആശംസിക്കുന്നു. അറിവിന്റെ പടികളിൽ ഒന്നുകൂടി ചവിട്ടി കയറിയ ഏവർക്കും എല്ലാ ഭാവുകങ്ങളും നേരുന്നു.

ഏവർക്കും അനുഗ്രഹപൂർണ്ണമായ ശൂനോയോ പെരുനാളും സന്തോഷകരമായ ഓണവും ആശംസിക്കുന്നു.

**അനീഷ് പി. സ്ക്കറിയ** (എഡിറ്റർ)

ദർശനം
എഡിറ്റോറിയൽ ബോർഡ്

രക്ഷാധികാരി
റവ: ഫാ: പി. സി. വർഗീസ്

ചീഫ് എഡിറ്റർ
അനീഷ് പി. സ്ക്കറിയ

മെമ്പേഴ്സ്
റിനോദ്. പി. ഏബ്രഹാം
റോബിൻ മാത്യു
സിന്റോമോൻ മാത്യു
മെറിൻ കുര്യൻ
റീനു എലിസബേത്ത് ഏബ്രഹാം

# വികാരി എഴുതുന്നു...



ദൈവതിരുനാമത്തിന് മഹത്വം ഉണ്ടാകട്ടെ.

കർത്താവിൽ പ്രിയരെ,

101 വർഷം പൂർത്തീകരിച്ച നമ്മുടെ ഇടവക, പരി. ദൈവമാതാവിന്റെ മദ്ധ്യസ്ഥതയാൽ നാനാജാതി മതസ്ഥരുടെ അഭയകേന്ദ്രമായി പരിലസിക്കുന്നു. ഇടവകയ്ക്കുവേണ്ടി പ്രയത്നിച്ച നമ്മുടെ മൺമറഞ്ഞ പിതാക്കന്മാരെ ഇത്തരുണത്തിൽ നന്ദിയോടെ സ്മരിക്കാം. ഇന്ന് നമുക്ക് ഒരു വലിയ ഉത്തരവാദിത്വം ഉണ്ട്. നമ്മുടെ പിതാക്കന്മാർ ഇടവകയെ സ്വജീവനെപ്പോലെ കരുതി; ഒരു യുഗത്തിലേയ്ക്ക് എത്തിച്ചുവെങ്കിൽ, അതിനെ വീണ്ടും അവർ കാണിച്ചു തന്ന പാതയിലൂടെ മുന്നോട്ട് കൊണ്ടുപോകുക എന്ന ഉത്തരവാദിത്വം. ഈ ഉത്തരവാദിത്വം നാം ഓരോരുത്തരുടേതും ആണ്. ഒരു ചെടി നട്ടു നനച്ച് അത് വളർന്ന് പൂവ് ഉണ്ടായി സുഗന്ധം പരത്തുന്നതുപോലെ, ഇടവകയുടെ പൂക്കളാണ് ആദ്ധ്യാത്മിക പ്രസ്ഥാനങ്ങൾ. ഇതിൽ പ്രധാനപ്പെട്ട ഒന്നാണ് 'യുവജനപ്രസ്ഥാനം'. ഇന്ന് യുവാക്കളുടെ വികാര വിചാരങ്ങളെക്കുറിച്ച് ലോകജനത ഉൽക്കണ്ഠാകുലരാണ്. നീതിബോധമില്ലാതെ പ്രവർത്തിക്കുന്ന ഒരു യുവതലമുറയെ ആണ് ഇന്ന് നമുക്ക് കാണുവാൻ സാധിക്കുന്നത്. ഇതിൽ നിന്നും, നമ്മുടെ കുഞ്ഞുങ്ങൾ - യുവാക്കൾ - വ്യത്യസ്തരാകണമെങ്കിൽ അവർ സഭയിലെ ആദ്ധ്യാത്മിക സംഘടനകളിൽ ചേർന്ന് പ്രവർത്തിക്കണം. സമൂഹത്തെ നേരായ പാതയിൽ നയിക്കുവാൻ ഇന്നത്തെ യുവതലമുറയ്ക്ക് സാധിക്കണമെങ്കിൽ, പ്രാർത്ഥനാ ജീവിതമുള്ള, പരസ്പര സാഹോദര്യത്തിൽ ഊന്നിയുള്ള ഒരു ജീവിതശൈലി വാർത്തെടുക്കേണ്ടത് അത്യാവശ്യമാണ്.

വീണ്ടും ഒരു വലിയ തീർത്ഥാടനത്തിന്റെ പാതയിലാണ് നാം. നമ്മുടെ ഇടവകയ്ക്ക് ഒരു പുത്തൻ, ഉണർവ് പ്രധാനം ചെയ്ത ശൂനോയോ പെരുന്നാൾ ആഘോഷിക്കുവാൻ ആത്മീയമായും ഭൗതികമായും തയ്യാറെടുക്കുകയാണല്ലോ. ഇടവക ഒന്നടങ്കം ഭയഭക്തിയോടെ ആചരിക്കുന്ന ഈ നോമ്പിൽ നമ്മുടെ യുവാക്കൾ മറ്റുള്ളവർക്ക് ഒരു മാതൃകയായിതീരണമെന്ന് ഞാൻ ഓർമ്മിപ്പിക്കുന്നു.

നമ്മുടെ യുവജനപ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അഭിമാനിക്കാവുന്ന ഒരു വർഷമായിരുന്നു കഴിഞ്ഞുപോയത്.

സഭയ്ക്കുവേണ്ടി ഒരു മകനെ വേർതിരിക്കുവാൻ സാധിച്ചു.-

"ബഹുമാനപ്പെട്ട ജോഷാച്ചൻ",

നമ്മുടെ യുവജനപ്രസ്ഥാന അംഗമെന്ന നിലയിൽ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ഈ ഇടവകയ്ക്ക് ഒരു മുതൽക്കൂട്ടായിരുന്നു എന്ന് ഞാൻ മനസ്സിലാക്കുന്നു. അദ്ദേഹത്തിന് എല്ലാ ആശംസകളും നേരുന്നു. നമ്മുടെ ഇടവകയിൽ നിന്നും സഭയ്ക്കുവേണ്ടി വേല ചെയ്യുവാൻ ഇനിയും കുഞ്ഞുങ്ങൾ കടന്നു വരട്ടെ എന്ന് പ്രാർത്ഥിക്കാം.

ദർശനത്തിന്റെ ഈ വർഷത്തെ പുതിയ പതിപ്പ് പുറത്തിറങ്ങുമ്പോൾ എനിക്ക് യുവാക്കളോട് പറയുവാനുള്ളത് പ്രാർത്ഥനാ ജീവിതം ഉള്ളവരായി പരസ്പര സാഹോദര്യത്തിൽ വളർന്ന് നല്ല പെരുമാറ്റത്തിലൂടെ നമ്മുടെ കുടുംബത്തിന്, ഇടവകയ്ക്ക്, സഭയ്ക്ക്, ഒരു മുതൽക്കൂട്ടായി തീരണമെന്നുള്ളതാണ്.

കൂടാതെ മാതാപിതാക്കളോട് എനിക്ക് പറയാനുള്ളത് ദൈവസഹായവും സ്വന്തപരിശ്രമവും ഒത്തുകൂടുമ്പോളാണ് ഒരുവൻ ജീവിതത്തിൽ വിജയം നേടുന്നതെന്ന സത്യം മക്കളെ പറഞ്ഞു മനസ്സിലാക്കി അവരെ സത്യത്തിന്റെയും ധർമ്മത്തിന്റെയും നീതിയുടെയും പാതയിലൂടെ ചരിക്കുവാൻ ഉദ്ബോധിപ്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

ഇക്കാലമത്രയും പകൽ മേഘസ്തംഭമായും രാത്രി അഗ്നിത്തൂണായും വഴി നടത്തിയ ദൈവം നമ്മെയും നമ്മുടെ പ്രവർത്തനങ്ങളെയും ശക്തീകരിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ടു യുവജനപ്രസ്ഥാനത്തിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും വിശിഷ്യാ ദർശനം ത്രൈമാസപത്രിക ഇറക്കുവാൻ സഹായിച്ചവർക്കും എല്ലാ വായനക്കാർക്കും ഓണാശംസകൾ നേരുന്നു.

എന്ന്,

നിങ്ങളുടെ വികാരിയച്ചൻ

**ഫാ. പി. സി. വർഗീസ് പൊടിമറ്റത്തിൽ**

ധ്യാനപീഠം

# പുതിയ തുരുത്തി

### ഫാ. വറുഗീസ് മാത്യു (സുനിലച്ചൻ)



**പ**രിശുദ്ധ ദൈവമാതാവിന്റെ വാങ്ങിപ്പ് സമുചിതമായി ആഘോഷിക്കുന്ന ശൂനോയോ നോമ്പിന്റെ ഈ കാലയളവിൽ കർത്താവിന്റെ ശിഷ്യന്മാർ ഉപവസിക്കാത്തതിന്റെ കാരണമെന്തെന്ന് വിമർശനാത്മകമായി ചോദിച്ച പരീശന്മാരോട് യേശുതമ്പുരാൻ പറഞ്ഞ വചനങ്ങൾ വിചിന്തനം ചെയ്യുന്നത് ഉചിതമായിരിക്കും. വി. മത്തായിയുടെ സുവിശേഷം 9–ാം അദ്ധ്യായം 17 –ാം വാക്യത്തിൽ യേശുതമ്പുരാൻ പരീശന്മാരോട് പറയുന്നു. "പുതുവീഞ്ഞ് പഴയ തുരുത്തിയിൽ പകരാറില്ല. പകർന്നാൽ തുരുത്തി പൊളിഞ്ഞ് വീഞ്ഞ് ഒഴുകിപ്പോകും, തുരുത്തിയും നശിക്കും. പുതു വീഞ്ഞ് പുതിയതുരുത്തിയിലേ പകർന്നു വയ്ക്കുകയുള്ളു. അങ്ങനെ രണ്ടും ഭദ്രമായിരിക്കും."

യേശുതമ്പുരാന്റെ ഈ വചനങ്ങൾ ധ്യാനത്തിലെടുക്കുന്നതിന് ചില കാരണങ്ങൾ ഉണ്ട്.ചില മനുഷ്യർ നോമ്പ് നോറ്റതിനുശേഷവും, ആത്മീകമായ പല കൂദാശകളിലും സംബന്ധിച്ചതിന് ശേഷവും വളരെ മോശമായരീതിയിൽ പ്രവർത്തിക്കുകയും സംസാരിക്കുകയും ഇടപെടുകയും ചെയ്യുമ്പോൾ, അല്ലെങ്കിൽ മാനസാന്തരത്തിനു പകരം പഴയതിലും വഷളായി തീരുന്നത് കാണുമ്പോഴും എന്താണിതിന് കാരണമെന്ന് പലപ്പോഴും ആലോചിച്ചിട്ടുണ്ട്. ഈ സമയത്ത് അട്ടപ്പാടി ആശ്രമത്തിലുപയോഗിക്കുന്ന പൈപ്പ് വെള്ളത്തിന്റെ ചില പ്രത്യേകതകൾ ശ്രദ്ധയിൽ പെട്ടത്. ആശ്രമത്തിൽ പാചകത്തിനൊഴികെ മറ്റ് ആവശ്യങ്ങൾക്ക് പുഴയിലെ വെള്ളമാണ് ജലസംഭരണികളിൽ നിറയ്ക്കുന്നത്. മഴക്കാലത്ത് പുഴ കലങ്ങുന്നതിനാൽ ചെളിവെള്ളമാണ് പൈപ്പിലൂടെ വരുന്നത്. എന്നാൽ വേനൽക്കാലത്ത് പുഴ നല്ല തെളിഞ്ഞ് കണ്ണീർ പോലെ കിടക്കുമ്പോഴും പൈപ്പിലൂടെ കലക്കവെള്ളം വരുന്നു. ഇതിന്റ കാരണമന്വേഷിച്ച് ജലസംഭരണി പരിശോധിച്ചപ്പോഴാണ് അതിൽ അടിഞ്ഞുകൂടിയിരിക്കുന്ന ചെളിയുടെ കനം മനസ്സിലായത്. മോട്ടർ അടിച്ച് വെള്ളം ശക്തമായി ഈ ചെളിയിലേക്ക് വീഴുമ്പോൾ അത് കലങ്ങുകയും ചെളിവെള്ളം പൈപ്പിലൂടെ വരികയും ചെയ്യുന്നു. കലക്കവെള്ളം പരിപൂർണ്ണമായി ഒഴിവാക്കണമെങ്കിൽ ടാങ്കിന് ഒരു ശുദ്ധീകരണം ആവശ്യമാണ്.

ഇതുപോലെ പാപത്തിന്റെ ചെളികളും കറകളും പുരണ്ട ഹൃദയത്തിൽ പുതിയവീഞ്ഞ് പകർന്നാൽ അത് കലക്കത്തിനിടയാക്കും. അതുകൊണ്ടാണ് യേശുതമ്പുരാൻ പറയുന്നത് പുതിയ വീഞ്ഞ് പുതിയ തുരുത്തിയിൽ പകരണമെന്ന്. കഴിഞ്ഞകാല ജീവിതത്തിൽ നിന്ന് ഒരു വ്യത്യാസം നാം ആഗ്രഹിക്കണം അപ്പോഴാണ് നോമ്പ് നമുക്ക് അനുഗ്രഹമായി മാറുന്നത്.

ദൈവത്തിന്റെ ആഗ്രഹം നമ്മുടെ ഹൃദയവിശുദ്ധിയാണ്. പരിശുദ്ധ നോമ്പ് ശുദ്ധീകരണത്തിന്റെ കാലമായി മാറ്റപ്പെടണം. ഗലാത്യർ 5:15 ൽ പറയുന്നു. പരിച്ഛേദനയും അഗ്രചർമ്മവുമല്ല പുതിയസൃഷ്ടിയത്രെ കാര്യം.

**പുതുമനുഷ്യൻ**

പരിശുദ്ധമായ നോമ്പിൽ നാം എന്ത് ചെയ്യണമെന്ന് വിശുദ്ധനായ പൗലോസ് ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നു. "മുമ്പിലത്തെ നടപ്പു സംബന്ധിച്ച് ചതിമോഹങ്ങളാൽ വഷളായിപ്പോകുന്ന പഴയ മനുഷ്യനെ ഉപേക്ഷിച്ച് നിങ്ങളുടെ ഉള്ളിലെ ആത്മാവു സംബന്ധമായി പുതുക്കം പ്രാപിച്ചു സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചുകൊൾവിൻ"(എഫെ 4:22, 23, 24). നമ്മുടെ ശരീരാത്മദേഹികളുടെ പുതുക്കം ദൈവം ആഗ്രഹിക്കുന്നു. ശരീരമാകുന്ന ആലയത്തിലെ കറകളും ചെളികളും നീങ്ങി നാം പുതിയ തുരുത്തിയായി തീരണം. അതിൽ ദൈവീക കൃപകളുടെ പുതുവീഞ്ഞ് നിറയുമ്പോൾ കൃപ വ്യർത്ഥമായി തീരുന്നില്ല. (1 കോരി 15:10) തുരുത്തിയാകുന്ന ആളത്വവും പുതുവീഞ്ഞാകുന്ന കൃപയും ഭദ്രമായി തീരുന്നു.

കൊലോസ്യ ലേഖനത്തിലും പരിശുദ്ധനായ പൗലോസ് ശ്ലീഹാ പറയുന്നത് പുതിയ മനുഷ്യനെ ധരിക്കുവാനാണ്. "നിങ്ങൾ പഴയ മനുഷ്യനെ അവന്റെ പ്രവർത്തികളോടുകൂടെ ഉരിഞ്ഞു കളഞ്ഞു തന്നെ സൃഷ്ടിച്ചവന്റെ പ്രതിമപ്രകാരം പരിജ്ഞാനത്തിനായി പുതുക്കം പ്രാപിക്കുന്ന പുതിയ മനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ" (3:9, 10).

പുതുമനുഷ്യനാകുവാൻ എന്തു ചെയ്യണം? സൃഷ്ടാവോടു ചേർന്നു നില്ക്കുക. "ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു പഴയത് കഴിഞ്ഞുപോയി ഇതാ, അത് പുതിയതായിത്തീർന്നിരിക്കുന്നു" (2 കോരി 5:17). ദൈവത്തോടു ചേർന്നു നില്ക്കുന്നതിന് പകരം ലോകത്തോടു ചേരുന്നതുകൊണ്ടാണ് നമുക്ക് പുതുക്കം ലഭിക്കാത്തത്. റോമിലെ സഭയോട് മുന്നറിയിപ്പായി പ. പൗലോസ് ശ്ലീഹാ ഓർമ്മിപ്പിക്കുന്നു. "ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയേണ്ടതിന് മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ" (റോമ 12:2). മനസ്സൊരുക്കമുള്ള ഹൃദയമാണ് ദൈവം ആഗ്രഹിക്കുന്നത്. യേശുതമ്പുരാൻ നമ്മോടു ചോദിക്കുന്നു. നിനക്ക് മനസ്സുണ്ടോ? (യോഹ 5:6). മനസ്സൊരുക്കമുള്ള ഹൃദയമാണ് ദൈവത്തിന്റെ പണിപ്പുര, അവൻ അതിനെ പുതുതാക്കി തീർക്കുന്നു.

"നീതിമാൻ ആരുമില്ല ഒരുത്തൻ പോലുമില്ല" (റോമ 3:10) എല്ലാവരും പാപം ചെയ്യു

(ശേഷം നാലാം പേജിൽ)

# “സ്വർഗ്ഗം സ്വർഗ്ഗത്തിലേയ്ക്ക് കരേറുന്ന തിരുനാൾ”

(From ‘The Life of the Apostle Thomas’, ‘The Lives of other Holy Apostles’)

**സ്വതന്ത്രപരിഭാഷ: സഖേർ**

**വി.** മാർത്തോമ്മാ ശ്ലീഹായുടെ സുവിശേഷപ്രഘോഷണം ഭാരതീയദേശങ്ങളെ തേജോമയമാക്കിയിരുന്ന നാളുകളിലാണ് വി.ദൈവമാതാവിന്റെ വാങ്ങിപ്പ് സംഭവിച്ചത്. വിവിധദേശങ്ങളിൽ നിന്നും ശ്ലീഹന്മാർ എല്ലാവരും വിളിച്ച് അടുപ്പിക്കപ്പെട്ടു. അനുഗ്രഹീത കന്യകയുടെ മൃതപേടകത്തിങ്കലേക്ക് സ്വർഗ്ഗീയമേഘങ്ങളിൽ അവർ ആനയിക്കപ്പെട്ടു. ദൈവികപദ്ധതിപ്രകാരം തോമാശ്ലീഹാ തദവസരത്തിൽ ഗത്സമനയിലേയ്ക്ക് ചേർക്കപ്പെട്ടില്ല. ദൈവമാതാവ് ഉടലോടെ സ്വർഗ്ഗം പൂകിയെന്നത് വിശ്വാസികളിൽ ഉറപ്പാകുന്നതിനായിട്ട് ഇത് ദൈവഹിതത്താൽ സംഭവിച്ചതാണ്. തോമാശ്ലീഹായുടെ സന്ദേഹം ക്രിസ്തുവിന്റെ പുനരുത്ഥാനത്തെക്കുറിച്ച് വിശ്വാസികളിൽ വർദ്ധിച്ച ഉറപ്പിന് കാരണമായതുപോലെ, ഇവിടെ മാലിന്യമില്ലാത്തവളും കന്യകയുമായ ദൈവമാതാവിന്റെ ശരീരത്തോടെയുള്ള സ്വർഗ്ഗാരോഹണം വിശ്വാസികൾ ഗ്രഹിക്കുന്നതിന് തോമാശ്ലീഹായുടെ കാലതാമസം മുഖാന്തിരമായിത്തീർന്നു.

ദൈവമാതാവിന്റെ സംസ്കാരത്തിന് ശേഷം മൂന്നാം ദിവസം തോമാശ്ലീഹ ഇൻഡ്യയിൽവെച്ച് ഒരു മേഘത്താൽ എടുക്കപ്പെട്ടു. കന്യകയുടെ മൃതകുടീരം സ്ഥിതിചെയ്യുന്നതിന് മുകൾഭാഗത്ത് വായുമണ്ഡലത്തിൽ തോമാ എത്തിയപ്പോൾ സ്വർഗ്ഗോന്നതങ്ങളിലേക്കുള്ള അമ്മയുടെ ശരീരത്തിന്റെ കരേറ്റം താൻ ദർശിച്ചു. ഈ ഉത്കൃഷ്ടപദത്തിൽ നിന്നുകൊണ്ട് അവൻ നിലവിളിച്ചു. “നിർമ്മലയേ, നിന്റെ പ്രയാണം എവിടേയ്ക്കാകുന്നു”? മാതാവ് തന്റെ റൂമാൽ തോമായ്ക്കേകി പറഞ്ഞു. “സ്നേഹിതാ, ഇത് സ്വീകരിക്കുക’’. തുടർന്ന് മാതാവ് അവനെ കടന്നുപോയി.

അനന്തരം ദൈവമാതാവിന്റെ മൃതകുടീരത്തിങ്കൽ ജാഗരിച്ചുപോന്ന മറ്റു ശിഷ്യന്മാരുടെ സമീപം തോമാശ്ലീഹാ ഇറങ്ങിച്ചെന്നു. തന്റെ കൈവശമുള്ള റൂമാലോടുകൂടെ അവർക്കൊപ്പമിരുന്നു. അവളുടെ വാങ്ങിപ്പിൻ നേരം ഇതര അപ്പോസ്തലന്മാർക്കൊപ്പം തനിക്ക് ഉണ്ടായിരിപ്പാൻ കഴിയാതെപോയതിന്റെ അതിസങ്കടം അവനുണ്ടായിരുന്നു. തോമാ വിലപിച്ചു. “നാമെല്ലാവരും ഗുരുവിന്റെ ശിഷ്യന്മാരാണ്. എല്ലാവരും ക്രിസ്തുവിന്റെ ശുശ്രൂഷകരാണ്; പിന്നെയെന്തുകൊണ്ട് അവന്റെ മാതാവ് നിദ്രപ്രാപിക്കുന്നത് കാണുന്നതിന് നിങ്ങൾ മാത്രം യോഗ്യരായി എണ്ണപ്പെട്ടത്?. ഞാൻ മാത്രം ഏതിനാൽ അപ്രകാരം അല്ലാതെയായി? ഞാൻ അപ്പോസ്തോലൻ അല്ലെയോ? എന്റെ പ്രസംഗങ്ങൾ ദൈവത്തിന് പ്രീതികരമാകുന്നില്ലയോ? എന്റെ സഹോദരങ്ങളേ, ഞാൻ യാചിക്കുന്നു. കല്ലറ തുറക്കുവിൻ! ഞാനവളുടെ ശേഷിപ്പുകളെ ദർശിക്കട്ടെ. അതിനെ ആശ്ലേഷിക്കട്ടെ. അവളോടു വിട ചൊല്ലട്ടെ”.

തോമായിൽ കനിവ് തോന്നിയ ശിഷ്യന്മാർ തന്റെ അപേക്ഷപ്രകാരം തിരുശേഷിപ്പുകളെ ദർശിക്കുന്നതിനും ആദരിക്കുന്നതിനുമായി കല്ലറ തുറന്നു. ശ്ലീഹന്മാർ കല്ലുരുട്ടി നീക്കി. എല്ലാവരും ആശ്ചര്യപ്പെട്ടു. നിമിഷങ്ങൾക്കു മുമ്പ് മാതാവ് ശരീരത്തോടുകൂടെ പറുദീസയിലേയ്ക്ക് എടുക്കപ്പെട്ടതറിയാതെ ശൂന്യമാക്കപ്പെട്ട കല്ലറയുടെ മുമ്പിൽ അമ്പരപ്പോടെ അവർ നിന്നു. സംസ്കാരത്തിനുപയോഗിച്ച ചേലകൾ മാത്രം മധുരപരിമളം പടർത്തി അതിൽ അവശേഷിച്ചിരുന്നു. അതിബഹുമാനത്തോടെ അവർ ഓരോരുത്തരായി തിരുവസ്ത്രങ്ങളിൽ ചുംബിച്ചു. മാതാവിന്റെ ശരീരം എടുക്കപ്പെട്ടത് തമ്പുരാൻ വെളിവാക്കിതന്നതിനായി അനന്തരം അവർ സ്തോത്രം പാടി.

## “കാരാട്ടുകുന്നേൽപള്ളി ” പുരോഗമനത്തിന്റെ പാതയിൽ

**ജോബി തോമസ് വഷണത്തോട്ടത്തിൽ (ട്രസ്റ്റി)**

ഒരു ശതാബ്ദം പിന്നിട്ട നമ്മുടെ ഇടവകയെ സംബന്ധിച്ചിടത്തോളം, മൺമറഞ്ഞ സഭാപിതാക്കന്മാരേയും, നമ്മുടെ പൂർവ്വപിതാമഹന്മാരേയും നന്ദിയോടെ സ്മരിക്കാതെ മുന്നോട്ട് പോവുക അസാധ്യമാണ്. അതുപോലെ തന്നെയാണ് നമ്മുടെ ഇടവകയെ നയിച്ച വൈദീകശ്രേഷ്ഠർ, ഇടവകയുടെ കൈസ്ഥാനികൾ, കമ്മറ്റി അംഗങ്ങൾ. ഭൗതീകമായി നാം വളരെയേറെ മുന്നേറി കഴിഞ്ഞു. ആത്മീയമായി ഇനിയും നാം ഉയരേണ്ടിയിരിക്കുന്നു. നമ്മെ സംബന്ധിച്ചിടത്തോളം ആത്മീയോന്നതി പ്രാപിക്കാനുതകുന്ന ഒരു പ്രധാന വഴിയാണ് നമ്മുടെ ശൂനോയോ സംഗമങ്ങളും പെരുന്നാളും. ഇടവകയുടെ പ്രധാന ശക്തിസ്രോതസ്സായ ഈ പ്രാർത്ഥനാസംഗമങ്ങളിലും പെരുനാളിലും നാം അതിന്റെ ശരിയായ അർത്ഥത്തിൽ പങ്കുചേരണം.

പരി. ദൈവമാതാവിന്റെ മദ്ധ്യസ്ഥതയിൽ ഇക്കഴിഞ്ഞ കാലങ്ങളിൽ ഒരുപാട് കാര്യങ്ങൾ പൂർത്തീകരിക്കുവാൻ സാധിച്ചു. ഇനിയും ചില പ്രധാന കാര്യങ്ങൾകൂടി ചെയ്യുവാനുണ്ട്. ഹാളിൽ ഡെസ്ക്, ജനറേറ്റർ, പള്ളിയുടെ പടിഞ്ഞാറുവശത്തുള്ള സ്ഥലം മനോഹരമായ ഉദ്യാനമാക്കുക, മദ്ബഹാ പാനലിംഗ്, അയർക്കുന്നം – തിരുവഞ്ചൂർ റോഡ്സൈഡിൽ വാങ്ങിയിട്ടുള്ള സ്ഥലം ഇടവകയ്ക്ക് അനുയോജ്യപ്രദമായ രീതിയിൽ ക്രമീകരിക്കുക എന്നിവയാണ് അവയിൽ ചിലത്. ഇവ സാധ്യമാകണമെങ്കിൽ ഇടവകാംഗങ്ങളായ ഓരോരുത്തരുടെയും പരിപൂർണ്ണ സഹായ സഹകരണങ്ങളും പ്രാർത്ഥനകളും അത്യാവശ്യമാണ്. നമുക്ക് ഒന്നുചേർന്നു മുന്നോട്ട് പോയാൽ ഇടവകയെ മലങ്കരസഭയിലെ പ്രധാന പള്ളികളിലൊന്നാക്കി മാറ്റുവാൻ സാധിക്കും. നമ്മുടെ യുവജനപ്രസ്ഥാനത്തിന്റെ പ്രസിദ്ധീകരണമായ ദർശനം പുതിയ പതിപ്പ് പുറത്തിറങ്ങുന്ന ഈ അവസരത്തിൽ, അതിന്റെ പ്രവർത്തകരെ അനുമോദിക്കുന്നു. നമ്മുടെ യൂണിറ്റിന്റെ പ്രവർത്തനങ്ങൾ ഇടവകയ്ക്ക് ഒരു മുതൽകൂട്ടാണ് എന്നത് എടുത്തു പറയേണ്ട സംഗതിയാണ്. ഒരിക്കൽകൂടി എല്ലാവർക്കും ആശംസകൾ നേരുന്നതോടൊപ്പം ഇടവകയ്ക്കുവേണ്ടി ഏകസ്വരത്തിൽ പരി. ദൈവമാതാവിനോട് അപേക്ഷിച്ചു പ്രാർത്ഥിക്കുക.

## പെരുന്നാൾ പ്രോഗ്രാം

**2012 ആഗസ്റ്റ് 14 ചൊവ്വ**

വൈകുന്നേരം 6–ന്

സന്ധ്യാനമസ്ക്കാരം

സന്ദേശം:

**റവ. ഫാ. സഖറിയ നൈനാൻ, ചിറത്തലാട്ട്** (മാർ ബസേലിയോസ് ദയറാ, ഞാലിയാകുഴി)

**റാസ**

**ആശീർവാദം**

**കൈമുത്ത്**

**2012 ആഗസ്റ്റ് 15 ബുധൻ**

രാവിലെ 6.45–ന്

പ്രഭാതനമസ്ക്കാരം

**8–ന് വി. കുർബാന**

**റവ. ജി. എം. സ്ക്കറിയ റമ്പാച്ചന്റെ** മുഖ്യ കാർമ്മികത്വത്തിൽ

(വികാരി സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി, നീലേശ്വരം)

**റാസ**

**ആശീർവാദം**

**കൈമുത്ത്**

**നേർച്ചവിളമ്പ്**

**ലേലം**

**കൊടിയിറക്ക്**

കവിത

## ഭൂമിയുടെ മരണം

പച്ചവിരിപ്പിനാൽ പൊന്നുടുപ്പിട്ട ഭൂമി
പക്ഷികളുടെ കളഗാനം കേട്ടുണരുന്ന ഭൂമി
പൂനിലാവിൽ പൂക്കൾ വിരിയുന്ന ഭൂമി
പൂന്തേൻ പകർന്ന് സുഗന്ധം പരത്തുന്ന ഭൂമി
പൂക്കളിൽ വണ്ടുകൾ നൃത്തമാടുന്ന ഭൂമി
പൂക്കാലമെന്നു ഞാൻ നിനച്ചിരുന്നു.
എല്ലാം വെറുമൊരു പാഴ്സ്വപ്നമായിമാറി
എന്നാലോ നമ്മുടെ ഭൂമി ഇന്ന് കോൺക്രീറ്റ് കാടുകൾ ആയിമാറി.
തണലിന് മരമില്ല, പാടാൻ കിളികളില്ല
മുളൽ ഗാനവുമായി തേൻ നുകരാൻ വണ്ടുമില്ലാത്ത ഭൂമി
മനുഷ്യന്റെ തടവിലായി കഴിയുന്ന ഭൂമി

**Tinumol Titus Irattanayil**


14, 17, 20 Seat A/c Traveller available




വിവാഹ വിനോദ യാത്രകൾക്ക്

# ബേത്‌ലഹേം ട്രാവൽസ്

പുതുപ്പള്ളി, കോട്ടയം

Contact Joshi O. J, Uthuppamparampil, Amayanoor

Mob: 9744253966, 9400844315

All Type of A/c, Non A/c Taxi Available

# ഇടയന്റെ സവിശേഷത

ഫാ. ജോഷാ ജേക്കബ് ചെന്നൈ

ദൈവീക സാന്നിധ്യത്തിന്റെ നിറവിൽ തങ്ങളുടെ ജീവിതം നയിച്ചവരായിരുന്നു ദൈവം തിരഞ്ഞെടുക്കപ്പെട്ട തന്റെ അഭിഷിക്തർ. നിന്റെ ദൈവമായ യഹോവ നീ പോകുന്നിടത്തൊക്കെയും നിന്നോടുകൂടെ ഉള്ളതുകൊണ്ട് ഉറപ്പും ധൈര്യവുമുള്ളവനായിരിക്ക; ഭയപ്പെടരുത്, ഭ്രമിക്കയും അരുത് എന്ന് കല്പിച്ച ദൈവം തന്റെ തിരഞ്ഞെടുക്കപ്പെട്ടവരെ സത്യത്തിലും നീതിയിലും വഴിനടത്തി. യിസ്രായേൽ രാജാവായ ദാവീദ്, ദൈവമായ യഹോവ തന്നെയും വഴി നടത്തുമെന്ന് ഉറച്ചു വിശ്വസിച്ചു. പ്രതികൂലതകളുടെ നടുവിൽ ഒരു ഇടയന്റെ കരുതലോടെ, പരിപാലനയോടെ നടത്തുവാൻ ശക്തനായവനാണ് ദൈവം എന്നുള്ള ബോധ്യം ദാവീദിനെ അശക്തതകളുടെ നടുവിൽ ശക്തനാക്കി. ഈ പരിപാലനയുടെ തുടർക്കഥയായിട്ടാണ് ദാവീദ്, സങ്കീർത്തനങ്ങളിലെ ഹൃദയസ്പർശിയായ ഭാഗങ്ങൾ രേഖപ്പെടുത്തിയത്. അത് ആത്മാവിൽ നിറഞ്ഞുകവിയുന്ന ഒരു ഗാനമായി...

'യഹോവ എന്റെ ഇടയനാകുന്നു'. സങ്കീ: 23:1

ആരാകുന്നു നല്ല ഇടയൻ എന്ന ചോദ്യത്തിന് ഉത്തമമായ ഉത്തരമാണ് യേശു പറയുന്നത്. തന്റെ ആടുകൾക്കുവേണ്ടി ജീവൻ കൊടുക്കുന്നവനാണ് നല്ല ഇടയൻ. വി. യോഹന്നാൻ ശ്ലീഹായുടെ സുവിശേഷം 10-ാം അദ്ധ്യായം 11-ാം വാക്യം ഇപ്രകാരം സുവിശേഷിക്കുന്നു. ഞാൻ നല്ല ഇടയനാകുന്നു. നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ കൊടുക്കുന്നു.

പ്രതികൂലതകളുടെ നടുവിൽ പതറാതെ ജീവിതത്തെ മുന്നോട്ടു നയിക്കുന്നവനാണ് നല്ല ഇടയൻ. തന്റെ ആടുകളെ കൂട്ടംതെറ്റാതെയും, ചെന്നായ്ക്കൾ ആക്രമിക്കുമ്പോൾ അവയെ അപകടത്തിലേക്ക് വിട്ടുകൊടുക്കാതെ വീണ്ടും ജീവിതത്തിലേക്ക് വഴി നടത്തുന്നവനാണ് നല്ല ഇടയൻ. പാപികളായ മനുഷ്യരുടെ സകല പാപങ്ങളെയും ഏറ്റെടുത്ത് തന്നെത്താൻ ബലിയായിത്തീർന്നവനാണ് നമ്മുടെ ഇടയൻ. ലോകത്തിന്റെ മുഴുവൻ രക്ഷയ്ക്കുവേണ്ടിയും കഷ്ടതകളും പീഡയും തിരഞ്ഞെടുത്തവനാണ് യേശു എന്ന നല്ല ഇടയൻ. അവനിൽ വിശ്വസിക്കുന്നത് അനുയോജ്യം.

നല്ല ഇടയന്റെ മറ്റൊരു സവിശേഷതയാണ് ചിതറിപ്പോയവയെ കൂട്ടത്തിലേക്ക് ചേർക്കുക എന്നത്. യെഹസ്കേൽ പ്രവാചകന്റെ പുസ്തകം 34-ാം അദ്ധ്യായം മുഴുവൻ ഈ ചിന്തയെ ചിത്രീകരിക്കുന്നു. അശക്തമായതിനെ ശക്തീകരിക്കുകയും മുറിവുകളെ ഉണക്കുകയും ചെയ്യുന്നവനാണ് യഥാർത്ഥ ഇടയൻ. തിന്മയെ വിട്ടകന്ന് നന്മയെ സ്വീകരിക്കുന്ന ഒരു പാപിയെ ഓർത്ത് സ്വർഗ്ഗം സന്തോഷിക്കുന്നു എന്ന് വി. വേദപുസ്തകം സാക്ഷീകരിക്കുന്നു. യെഹസ്കേൽ പ്രവാചകന്റെ പുസ്തകം 34-ാം അദ്ധ്യായം 12-ാം വാക്യം ഇപ്രകാരം പറയുന്നു "ഒരു ഇടയൻ ചിതറിപ്പോയിരിക്കുന്ന തന്റെ ആടുകളുടെ ഇടയിൽ ഇരിക്കുന്ന നാളിൽ തന്റെ ആട്ടിൻകൂട്ടത്തെ അന്വേഷിക്കുന്നതുപോലെ ഞാൻ എന്റെ ആടുകളെ അന്വേഷിച്ചു, അവ കാറും കറുപ്പുമുള്ള ദിവസത്തിൽ ചിതറിപ്പോയ സകല സ്ഥലങ്ങളിൽ നിന്ന് അവയെ വിടുവിക്കും".

യെശയ്യാ. 40:11-ൽ ഇപ്രകാരം പറയുന്നു, "അവൻ തന്റെ ആട്ടിൻകൂട്ടത്തെ മേയിക്കുകയും കുഞ്ഞാടുകളെ ഭുജത്തിൽ എടുത്ത് മാർവിടത്തിൽ ചേർത്ത് വഹിക്കുകയും തള്ളകളെ പതുക്കെ നടത്തുകയും ചെയ്യും". ഇപ്രകാരം കരുതലോടെ തന്റെ ആടുകളെ കൂട്ടിച്ചേർക്കുന്നവനാണ് നല്ല ഇടയൻ.

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തു കാണിച്ചു തന്നതും ഇതുതന്നെയാണ്. തെറ്റുകളാൽ നന്മയിൽ നിന്നും ദൈവത്തിൽ നിന്നും ചിതറിപ്പോയ നമ്മെ തന്റെ കാൽവറിയിലെ യാഗത്താൽ കൂട്ടിചേർത്തു.

മൂന്നാമതായി, ഒരു മാതൃകാ ജീവിതത്തിന് ഉടമയായിരിക്കണം നല്ല ഇടയൻ. തന്റെ ആടുകൾക്ക് മാതൃകയായിരിക്കുവാൻ തക്കവണ്ണം നല്ല സാക്ഷ്യത്തിന് ഉടമയായിരിക്കണം ഒരു നല്ല ഇടയൻ. "ആട്ടിൻ കൂട്ടത്തിന് മാതൃകയായിത്തീർന്നുകൊണ്ട് അദ്ധ്യക്ഷത ചെയ്വിൻ" എന്ന് 1 പത്രോസ് 5-ാം അദ്ധ്യായം മൂന്നാം വാക്യത്തിൽ ഉദ്ബോധിപ്പിക്കുന്നു.

യേശുക്രിസ്തു ഇപ്രകാരം പറയുന്നു; "ഞാൻ വിശുദ്ധനായിരിക്കുന്നതുകൊണ്ട് നിങ്ങളും വിശുദ്ധരാകുവിൻ." ഇങ്ങനെ നല്ലൊരു മാതൃക കാണിക്കുവാൻ നമ്മുടെ കർത്താവിനല്ലാതെ മറ്റാർക്ക് സാധിക്കും. അതുകൊണ്ട്, "ഞാൻ നല്ല ഇടയനാകുന്നു" എന്ന പ്രബോധനത്തിന് അവകാശിയാകുവാൻ യേശുക്രിസ്തുവിനല്ലാതെ മറ്റാർക്കും സാധിക്കുകയില്ല. വെളിപാട് പുസ്തകം 7-ാം അദ്ധ്യായം 17-ാം വാക്യത്തിൽ, "സിംഹാസനത്തിന്റെ മദ്ധ്യേ ഉള്ള കുഞ്ഞാട് അവരെ മേയിച്ച് ജീവജലത്തിന്റെ ഉറവുകളിലേക്ക് നടത്തുകയും ദൈവം താൻ അവരുടെ കണ്ണിൽനിന്നു കണ്ണുനീർ എല്ലാം തുടച്ചു കളയുകയും ചെയ്യും" എന്ന് സാക്ഷിക്കുന്നു. ❑

## ധ്യാനപീഠം

(മൂന്നാം പേജിൽ നിന്നും തുടർച്ച)

ന്നവരാണ് എന്നാൽ ആരാണ് വിശുദ്ധർ. അനുതാപത്തോടെ ദൈവകരങ്ങളിൽ വീഴുന്നവരാണ് വിശുദ്ധർ. ദാവീദ് പാപം ചെയ്തപ്പോൾ പറഞ്ഞത് ഇപ്രകാരമാണ്. "ഞാൻ വലിയ വിഷമത്തിലായിരിക്കുന്നു ഞാൻ ഇപ്പോൾ യഹോവയുടെ കൈയിൽ തന്നെ വീഴട്ടെ. അവന്റെ കരുണ ഏറ്റവും വലിയതല്ലോ. മനുഷ്യന്റെ കൈയിൽ ഞാൻ വീഴരുതേ" (1 ദിന 21:13, 2 ശാമു 24:14).

പാപം ചെയ്യുന്നവൻ ദൈവത്തിന്റെ കരങ്ങളിലേക്ക് വീഴുക. കുശവന്റെ കൈയിലെ കളിമണ്ണുപോലെ, ആ മണ്ണിന് എപ്പോഴും പ്രത്യാശയുണ്ട്, കാരണം കുശവൻ അതിനെ മെനയും (യിരെമ്യാവ് 18:4). ദൈവത്തിന്റെ മുറിവേറ്റ കരങ്ങളിൽ വീഴുമ്പോൾ അവൻ നമ്മെ തന്റെ രക്തത്താൽ കഴുകി ശുദ്ധീകരിക്കും. (1 യോഹ 1:7).

ഈ പരിശുദ്ധമായ നോമ്പ് ദൈവകരങ്ങളിൽ വീഴുന്ന അനുഭവമായിത്തീരട്ടെ. പുതിയ തുരുത്തിയിൽ പുതുവീഞ്ഞ് പകരുന്ന പുതുക്കത്തിൽ പുതിയ പാട്ടുകൾ ദൈവത്തിനായി കരേറ്റാം. "അവൻ എന്റെ വായിൽ പുതിയൊരു പാട്ടു തന്നു. നമ്മുടെ ദൈവത്തിന് സ്തുതി തന്നെ." (സങ്കീ 40:3) അങ്ങനെ പ്രായം കൂടി നമ്മുടെ ശരീരം ക്ഷീണിക്കുമ്പോഴും അകമെയുള്ള മനുഷ്യനിൽ നാൾക്കുനാൾ പുതുക്കം പ്രാപിക്കാം. (2 കോരി.4:16).

ഈ ശൂനോയോ നോമ്പ് നമുക്ക് പ്രത്യാശയുടെയും പുതുക്കത്തിന്റെയും പുതിയ ദിനങ്ങളായി പുതുമനുഷ്യനെ ധരിക്കുവാൻ ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ ശക്തീകരിക്കട്ടെ.

വി. ദൈവമാതാവിന്റെ
മദ്ധ്യസ്ഥതയിൽ
അഭയം പ്രാപിച്ചുകൊണ്ട്

ഒരു വിശ്വാസി

വി. ദൈവമാതാവിന്റെ
മദ്ധ്യസ്ഥതയിൽ
അഭയം പ്രാപിച്ചുകൊണ്ട്

സെന്റ് മേരീസ് യുവജനപ്രസ്ഥാനം
കാരാട്ടുകുന്നേൽ

വി. ദൈവമാതാവിന്റെ
മദ്ധ്യസ്ഥതയിൽ
അഭയം പ്രാപിച്ചുകൊണ്ട്

ജെ. തോമസും കുടുംബവും
ഉടുമ്പനാട്ട്

വി. ദൈവമാതാവിന്റെ
മദ്ധ്യസ്ഥതയിൽ
അഭയം പ്രാപിച്ചുകൊണ്ട്

കെ. യു. മാത്യുവും കുടുംബവും
ചെറുകുന്നേൽ

വി. ദൈവമാതാവിന്റെ
മദ്ധ്യസ്ഥതയിൽ
അഭയം പ്രാപിച്ചുകൊണ്ട്

പി. കെ. സ്കറിയായും കുടുംബവും
പുത്തൻപറമ്പിൽ

വി. ദൈവമാതാവിന്റെ
മദ്ധ്യസ്ഥതയിൽ
അഭയം പ്രാപിച്ചുകൊണ്ട്

കെ. എം. ഏബ്രഹാമും കുടുംബവും
കാരയ്ക്കലോലിക്കൽ

വി. ദൈവമാതാവിന്റെ
മദ്ധ്യസ്ഥതയിൽ
അഭയം പ്രാപിച്ചുകൊണ്ട്

കൊച്ചുമോനും കുടുംബവും
തോട്ടുങ്കൽ

വി. ദൈവമാതാവിന്റെ
മദ്ധ്യസ്ഥതയിൽ
അഭയം പ്രാപിച്ചുകൊണ്ട്

ഒ. എ. ജോണും കുടുംബവും
ഒഴുകയിൽ

വി. ദൈവമാതാവിന്റെ
മദ്ധ്യസ്ഥതയിൽ
അഭയം പ്രാപിച്ചുകൊണ്ട്

പി. സി. ഏബ്രഹാമും കുടുംബവും
കണ്ടമുണ്ടാരിൽ പുത്തൻപുരയിൽ

വി. ദൈവമാതാവിന്റെ
മദ്ധ്യസ്ഥതയിൽ
അഭയം പ്രാപിച്ചുകൊണ്ട്

എം. ഏബ്രഹാമും കുടുംബവും
മണ്ണുമ്മൂട്ടിൽ

വി. ദൈവമാതാവിന്റെ
മദ്ധ്യസ്ഥതയിൽ
അഭയം പ്രാപിച്ചുകൊണ്ട്

അന്നമ്മ ഉലഹന്നാനും കുടുംബവും
ഒറ്റപ്ലാക്കൽ

വി. ദൈവമാതാവിന്റെ
മദ്ധ്യസ്ഥതയിൽ
അഭയം പ്രാപിച്ചുകൊണ്ട്

വി. എ. ജോണും കുടുംബവും
ചേരിയിൽ

# സൺഡേസ്ക്കൂൾ പാഠ്യപദ്ധതി പരിഷ്ക്കാരം

**ചെറിയാൻ തോമസ്**
ഒ.എസ്.എസ്.എ.ഇ ഓഫീസ് മാനേജർ.

കാലഘട്ടത്തിന്റെ മാറ്റത്തിനനുസരിച്ച് സൺഡേസ്ക്കൂൾ പാഠ്യപദ്ധതിയും പരിഷ്ക്കരിച്ചെങ്കിലേ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും അത് ആസ്വാദ്യകരമാകുകയുള്ളൂ. അതുകൊണ്ട് പാഠപുസ്തകങ്ങളുടെ ഘടനയ്ക്ക് കാലോചിതമായ മാറ്റം വരുത്തുക എന്നതാണ് പാഠ്യപദ്ധതിയുടെ പരിഷ്ക്കരണം എന്നതുകൊണ്ടുദ്ധേശിക്കുന്നത്. ഇന്ന് സൺഡേസ്കൂൾ പ്രസ്ഥാനം അഭിമുഖീകരിക്കുന്ന ഗൗരവമുള്ള ഒരു പ്രശ്നം, അദ്ധ്യാപകരും വിദ്യാർത്ഥികളും ശരിയായ ലക്ഷ്യബോധത്തോടെ പ്രവർത്തിക്കുന്നില്ല എന്നതാണ്. പരീക്ഷയും, റാങ്കും, മത്സരങ്ങളും മുൻഗണനയിൽ പ്രഥമസ്ഥാനം കരസ്ഥമാക്കുമ്പോൾ സൺഡേസ്ക്കൂൾ പഠനത്തിന്റെ ശരിയായ ലക്ഷ്യത്തിൽ നിന്നും നാം വ്യതിചലിച്ചുപോകുന്നുണ്ട്. ഈ അപജയത്തിൽ നിന്നും കരകയറുവാൻ കൂടിയാണ് പാഠങ്ങളുടെ ഘടനയിൽ മാറ്റം വരുത്തുന്നത്.

ഓരോ പാഠവും പഠിപ്പിക്കുമ്പോൾ എന്തു ലക്ഷ്യത്തിനാണ് മുൻഗണന കൊടുക്കേണ്ടത് എന്ന് അതാതു പാഠത്തിൽ തന്നെ കൊടുത്തിട്ടുണ്ട്. ഇത്, പഠിപ്പിക്കുന്ന അദ്ധ്യാപകനും പഠിക്കുന്ന വിദ്യാർത്ഥികൾക്കും വളരെ സഹായകരമാകും. മുഖ്യ സന്ദേശം എന്ന വിഭാഗത്തിലാണ് ഇതു നല്കിയിരിക്കുന്നത്. ചില പാഠത്തിന്റെ അവസാനം ഒരു 'നിശ്ചയം' നല്കിയിട്ടുണ്ട്. സൺഡേസ്ക്കൂൾ ക്ലാസ്സുകളിൽ വച്ചുതന്നെ അദ്ധ്യാപകർ കുട്ടികളെക്കൊണ്ട് ഈ നിശ്ചയങ്ങൾ ദൈവമുൻപാകെയുള്ള ഒരു പ്രതിജ്ഞപോലെ പറയിപ്പിക്കണം. തീർച്ചയായും ഇതു കുട്ടികളുടെ മനസിന് വലിയ മാറ്റമുണ്ടാക്കും.

തുടർച്ചയായ പഠനം കുട്ടികൾക്ക് പ്രയോജനം ചെയ്യുകയില്ല എന്നതുകൊണ്ടാണ് പാഠഭാഗത്തിനിടയ്ക്കു 'നമുക്കു പാടാം' , 'നമുക്കു ചിന്തിക്കാം' എന്നീ നിർത്തുകൾ നല്കിയിരിക്കുന്നത്. അദ്ധ്യാപകർ യാതൊരു കാരണവശാലും ഇത് ഒഴിവാക്കരുത്.

പുതിയ പാഠപുസ്തകങ്ങളുടെ മറ്റൊരു പ്രത്യേകത, ഓരോ പഠനത്തിന്റെയും അവസാനം അടുത്തയാഴ്ച എല്ലാ ദിവസവും രാവിലെയും വൈകിട്ടും വായിക്കുവാനുള്ള വേദഭാഗങ്ങൾ കൊടുത്തിരിക്കുന്നു എന്നതാണ്. പാഠത്തിന്റെ വിഷയവുമായി ബന്ധമുള്ള വേദഭാഗങ്ങളാണ് കൊടുത്തിരിക്കുന്നത്. വി. വേദപുസ്തകം വായിക്കുവാൻ പ്രേരണ ഉണ്ടാകുന്നതിനു പുറമേ, രാവിലെയും വൈകിട്ടും ദൈവസംസർഗ്ഗത്തിലിരിക്കുവാൻ ഉള്ള ഒരു പ്രേരണ കൂടിയാണ് ഇത്. ഈ ഭാഗങ്ങൾ കൃത്യമായി വായിക്കുവാൻ കുട്ടികൾ ശ്രദ്ധിക്കണം. ഈ കാര്യത്തിൽ മാതാപിതാക്കളും അദ്ധ്യാപകരും പ്രത്യേകം ശ്രദ്ധിച്ചെങ്കിലേ ഉദ്ധേശിക്കുന്ന പ്രയോജനം ലഭിക്കുകയുള്ളൂ.

പ്രാർത്ഥന, പാട്ട് എന്നിവയുടെ പഠനരീതിയാണ് മറ്റൊരു പുതുമ. ഇതുവരെ ചെയ്തുവന്നതുപോലെ പാട്ടും, പ്രാർത്ഥനയും നാം വെറുതെ കാണാതെ പഠിക്കുകയല്ല പുതിയ പദ്ധതിയിൽ ചെയ്യുന്നത്. ഓരോ പാട്ടും പ്രാർത്ഥനയും ഓരോ പാഠങ്ങളാണ്. എല്ലാ പ്രാർത്ഥനയും പാട്ടുകളും അതിന്റെ അർത്ഥവും ആശയങ്ങളും മനസ്സിലാക്കി പഠിക്കുക എന്ന ലക്ഷ്യത്തോടെയാണ് തയ്യാറാക്കിയിരിക്കുന്നത്.

പാഠപുസ്തകം തയ്യാറാക്കിയിരിക്കുന്നതിന്റെ ഉദ്ധേശം സഫലമാകണമെങ്കിൽ അദ്ധ്യാപകർ ശരിയായ 'ഹോംവർക്ക്' ചെയ്യണം എന്നതാണ്.വളരെ പ്രധാനപ്പെട്ട ഒരു സംഗതി. പാഠഭാഗങ്ങൾ ശരിയായി തയ്യാറാക്കുകയും, ആവശ്യമായ പഠനസഹായികൾ തയ്യാറാക്കുകയും വേദപുസ്കതഭാഗങ്ങൾ വായിച്ചു മനസ്സിലാക്കുകയും ചെയ്യുവാൻ അദ്ധ്യാപകർ പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. പുതിയ പാഠ്യപദ്ധതിയിൽ അദ്ധ്യാപകരുടെ ഉത്തരവാദിത്വവും ബുദ്ധിമുട്ടും വർദ്ധിക്കുന്നുണ്ട് എന്നതു വളരെ പ്രാധാന്യമർഹിക്കുന്നു. മുമ്പ് ഈ ഉത്തരവാദിത്വം ഇല്ലായിരുന്നു എന്ന് ഇതിന് അർത്ഥമില്ല.

**വിഭാഗങ്ങൾ**

അഞ്ചു വിഭാഗങ്ങളായിട്ടാണ് ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നത്.

1. ബേത്‌ലഹേം വിഭാഗം: ഇത് നേഴ്സറി ക്ലാസാണ്. ഇവിടെ പരീക്ഷയില്ല. സൺഡേസ്ക്കൂൾ പഠനത്തോടു താല്പര്യം ഉണ്ടാകുന്ന രീതിയിൽ പെയിന്റിംഗ്, കഥകൾ, പാട്ടുകൾ, കളികൾ എന്നിവയായിരിക്കണം ഇവിടെയുള്ള പ്രവർത്തനങ്ങൾ.

2. നസ്രത്ത് വിഭാഗം: ഒന്ന്, രണ്ട്, മൂന്ന് ക്ലാസുകളാണ് ഈ വിഭാഗത്തിൽ വരുന്നത് ഇവിടെ വാചാപരീക്ഷകൾ മാത്രമാണ് ഉണ്ടാകുക. 25 മാർക്കിന്റെ 'ഒബ്ജക്ടീവ്' ടൈപ്പ് ചോദ്യങ്ങളായിരിക്കും ഈ ക്ലാസുകളിൽ പരീക്ഷയ്ക്കുണ്ടാകുക.

3. ഗലീലി വിഭാഗം: നാല്, അഞ്ച്, ആറ്, ഏഴ് എന്നീ ക്ലാസുകൾ ഉൾപ്പെടുന്നതാണ് ഈ വിഭാഗം. ഇവിടെ പാഠങ്ങൾ അല്പം കൂടി ഗൗരവമുള്ളതാകും. കുട്ടികൾക്ക് എഴുത്തുപരീക്ഷയാണുണ്ടാകുക. (50 മാർക്ക്)

4. യരുശലേം വിഭാഗം: എട്ട്, ഒമ്പത്, പത്ത് ക്ലാസ്സുകളാണ് ഈ വിഭാഗത്തിലുള്ളത്. പത്താം ക്ലാസിൽ മാത്രം കേന്ദ്രത്തിൽ നിന്നും പരീക്ഷ നടത്തി , ഉത്തരക്കടലാസ് പരിശോധിച്ച് ഫലം പ്രഖ്യാപിക്കുന്നതായിരിക്കും.

5. താബോർ വിഭാഗം: പതിനൊന്ന്, പന്ത്രണ്ട് ക്ലാസുകളാണ് ഈ വിഭാഗത്തിൽ വരിക. പതിനൊന്നാം ക്ലാസിലേയും പന്ത്രണ്ടാം ക്ലാസിലേയും പാഠങ്ങൾ മുഴുവൻ പന്ത്രണ്ടാം ക്ലാസിലെ പരീക്ഷയുടെ പാഠഭാഗമായിരിക്കും. രണ്ടു ക്ലാസുകളിലും ഓരോ ടെക്സ്റ്റു ബുക്കും ഓരോ നോൺഡീറ്റയിൽസ് ബുക്കും പഠനത്തിനുണ്ടാകും. പതിനൊന്നാം ക്ലാസിൽ ചെയ്യുന്ന ഒരു പ്രോജക്റ്റും പന്ത്രണ്ടാം ക്ലാസിൽപഠിക്കുമ്പോൾ അഞ്ചു മണിക്കൂർ അദ്ധ്യാപനവും കോഴ്സിന്റെ ഭാഗമാണ്. ഇതിനും പുറമേ എല്ലാ വിദ്യാർത്ഥികളും ഭദ്രാസനഡയറക്ടർ ക്രമീകരിക്കുന്ന ഒരു ഓറിയന്റേഷൻ കോഴ്സിൽ പങ്കെടുക്കുകയും വേണം. പ്രൈവറ്റായി പരീക്ഷയെഴുതുന്ന സൺഡേസ്ക്കൂൾ അദ്ധ്യാപകർക്ക് മാത്രം അഞ്ചു മണിക്കൂർ അദ്ധ്യാപന പരിചയം എന്നത് ബാധകമല്ല.

പന്ത്രണ്ടാം ക്ലാസ് ജയിക്കുന്ന കുട്ടിയ്ക്ക് 'സൺഡേസ്ക്കൂൾ വേദപ്രവീൺ ഡിപ്ലോമ' എന്ന സർട്ടിഫിക്കറ്റ് നൽകും.

**ഗ്രേഡ് സിസ്റ്റം**

പുതിയ പാഠ്യപദ്ധതി നിലവിൽ വരുന്ന മുറയ്ക്ക് ഗ്രേഡ് സിസ്റ്റം നിലവിൽ വരുന്നതാണ്. അശാസ്ത്രീയമായ റാങ്കു സമ്പ്രദായത്തിന് തല്ക്കാലം വിരാമമാകും. ഗ്രേഡ്സിസ്റ്റം നിലവിൽ വരുന്നതോടെ മത്സരപരീക്ഷകളും നിർത്തലാക്കുന്നതാണ്. പത്ത് പന്ത്രണ്ട് ക്ലാസുകളിൽ എ+ ലഭിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും കേന്ദ്രത്തിൽ നിന്നും സമ്മാനം നല്കും.

പത്ത് പന്ത്രണ്ട് ക്ലാസുകളിൽ 100 മാർക്കിന്റെ ഒരു പരീക്ഷ മാത്രമേ ഉണ്ടാകുകയുള്ളൂ. മൂന്നു മണിക്കൂറായിരിക്കും പരീക്ഷയുടെ ദൈർഘ്യം.

പൊതുവായ എല്ലാ പരീക്ഷകൾക്കും ഒബ്ജക്ടീവ് ടൈപ്പ് ചോദ്യങ്ങൾക്കായിരിക്കും മുൻതൂക്കം. കൂടുതൽ ഭാഗങ്ങളിൽ നിന്നുള്ള ചോദ്യങ്ങൾ ചോദിക്കുവാനും മൂല്യനിർണ്ണയം കൃത്യമാക്കുവാനും ഇതുകൊണ്ട് സാധ്യമാകും.

ആത്യന്തികമായി, പാഠ്യപദ്ധതിയുടെ ലക്ഷ്യം എന്നത് ലക്ഷ്യത്തിലൂന്നിയുള്ള പഠനവും, അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും മാതാപിതാക്കളുടെയും ഒരുമിച്ചുള്ള പ്രവർത്തനത്തിലൂടെ ദൈവസംസർഗ്ഗത്തിലൂന്നിയുള്ള ഒരു ജീവിതം സാധ്യമാകുകയും, തദ്വാരാ സഭാമക്കൾ ദൈവീകരായി വളരുന്ന പ്രക്രിയ സുഗമമാകുകയും ചെയ്യുക എന്നതാണ്. എല്ലാവരുടെയും സഹകരിച്ചുള്ള പ്രവർത്തനം മൂലം ഇത് സാധ്യമാകുവാൻ നമുക്ക് പ്രാർത്ഥിക്കാം.

മെഡിവിഷൻ

# വൃക്കരോഗം

**ഡോ. കുര്യൻ കുരുവിള**




പ്രമേഹം, ഹൃദ്രോഗം, കാൻസർ തുടങ്ങിയ രോഗങ്ങളെപ്പോലെതന്നെ വൃക്കരോഗികളുടെ എണ്ണവും കേരളത്തിൽ വർദ്ധിച്ചുവരികയാണ്. പയർമണിയുടെ ആകൃതിയിൽ ഇരുണ്ട ചുവപ്പു നിറത്തോടുകൂടി നട്ടെല്ലിന്റെ ഇരുവശങ്ങളിലുമായി സ്ഥിതി ചെയ്യുന്ന ഇവയ്ക്കു 140 ഗ്രാം തൂക്കം വരും. ഇതിനുൾവശം മുഴുവൻ അരിപ്പകൾ ആണ്. (നെഫ്റോൺസ്) രണ്ടിലും കൂടി 25 ലക്ഷം അരിപ്പക്കണ്ണുകൾ ഉണ്ട്. ശരീരത്തിലെ ഓരോ തുള്ളി രക്തവും ഓരോ അരിപ്പക്കണ്ണിൽ കൂടിയും ദിവസം 350-ൽ പരം പ്രാവിശ്യം അരിക്കപ്പെടുന്നു. ശരീരത്തിനുള്ളിലെ മാലിന്യങ്ങളെയും വിഷവസ്തുക്കളെയും ഇപ്രകാരം ഫിൽറ്റർ ചെയ്തു പുറം തള്ളുന്നു. സാധാരണ ഒരു വ്യക്തി ദിവസം 1 ലിറ്റർ മൂത്രമാണു വിസർജ്ജിക്കുന്നത്. രണ്ടു കിഡ്നികൾ ചേർന്നു ദിവസം 1800 ലിറ്റർ രക്തം ആണു ശുദ്ധിചെയ്യുന്നത്. ശരീരത്തിലെ ജലാംശത്തെ നിയന്ത്രിക്കുക, ധാതുലവണങ്ങളുടെ അനുപാതം ക്രമപ്പെടുത്തുക, രക്തസമ്മർദ്ദം നിയന്ത്രിക്കുക ശ്വേതാണുക്കളുടെ ഉൽപാദനത്തെ ഉത്തേജിപ്പിക്കുക തുടങ്ങിയവയാണു കിഡ്നിയുടെ പ്രവർത്തനങ്ങൾ. നമ്മുടെ ശരീരത്തിന്റെ 57 ശതമാനം തൂക്കവും ജലാംശമാണ്. ഒരാൾക്ക് ഭക്ഷണം ഒട്ടും കഴിക്കാതെ ആഴ്ചകളോളം ജീവിക്കുവാൻ കഴിയും. എന്നാൽ വെള്ളം ഉള്ളിൽ ചെല്ലാതെ 4 ദിവസത്തിൽ കൂടുതൽ ജീവിക്കാൻ കഴിയില്ല. ദഹനപ്രക്രിയയിൽ കൂടിയും ശ്വാസോച്ഛ്വാസത്തിൽ കൂടിയും ധാരാളം മാലിന്യങ്ങൾ ശരീരത്തിനുള്ളിൽ കുമിഞ്ഞു കൂടും. ഇവ രക്തത്തിൽ കലർന്ന് കിഡ്നിവഴി ഫിൽറ്റർ ചെയ്താണു പുറത്തുപോകുന്നത്. മാലിന്യങ്ങൾ ഉള്ളിൽ വർദ്ധിക്കുന്നതനുസരിച്ച് അവയെ പുറംതള്ളാൻ കൂടുതൽ ജലാംശം ആവശ്യമായിവരുന്നു. അപ്പോഴാണു നമുക്ക് ദാഹം തോന്നുന്നത്. തുടർച്ചയായി വേണ്ട അളവിൽ നാം വെള്ളം കുടിക്കാതെ ഇരുന്നാൽ ശരീരത്തിൽ മാലിന്യങ്ങൾ കുമിഞ്ഞുകൂടി വിഷബാധ ഉണ്ടാകും.മാലിന്യങ്ങൾ മൂത്രത്തിൽ കൂടി പുറത്തുപോകുന്നത് ലവണങ്ങൾ ആയാണ്. ഇതിൽ പ്രധാനം യൂറിയ ആണ്. ഇവ മൂന്നു ശതമാനത്തോളം വരും ഇവ പുറത്തുപോകാതെ ഇരുന്നാൽ യൂറീമിയ എന്ന അവസ്ഥ ഉണ്ടാകും. കിഡ്നിയുടെ പ്രവർത്തനത്തിന് തകരാർ സംഭവിക്കുന്നത് ഉയർന്ന തോതിലുള്ള പ്രമേഹവും രക്തസമ്മർദ്ദവും മൂലമാകാം. കൂടാതെ പുകവലിയും മദ്യപാനവും തുടർച്ചയായ രാസ ഔഷധങ്ങളുടെ ഉപയോഗവും കാരണങ്ങളാകുന്നുണ്ട്. വൃക്കയിലെ നെഫ്രോൺസ് വഴി ഫിൽറ്റർ ചെയ്തു വരുന്ന മൂത്രം യൂറിനറി ബ്ലാഡറിൽ ശേഖരിക്കപ്പെടുന്നു. 500 മില്ലിലിറ്റർ ആകുമ്പോൾ നമുക്കു മൂത്രശങ്ക ഉണ്ടാകും. 60 കിലോ ഭാരമുള്ള ഒരാൾ ദിവസം 10 ഗ്ലാസ്സ് വെള്ളമെങ്കിലും കുടിക്കണം. തൂക്കം കൂടുന്നതനുസരിച്ച് വെള്ളത്തിന്റെ അളവും കൂട്ടണം. കിഡ്നിയുടെ ആരോഗ്യം നിലനിർത്താൻ ആഹാരത്തിന്റെ അളവ് കുറച്ചുകൊണ്ടുവരുകയും വെള്ളത്തിന്റെ അളവ് കൂട്ടിക്കൊണ്ടിരിക്കയും വേണം. ബൽറ്റിന്റെ നീളം കൂടുന്തോറും ആയുസ്സിന്റെ നീളം കുറഞ്ഞു കുറഞ്ഞു വരും. കുഞ്ഞുങ്ങൾ വെള്ളം കുടിച്ചാൽ വിശപ്പു കുറയും എന്നു പറയുന്നതു ശരിയല്ല. അവരെ വെള്ളം കൂടുതൽ കുടിക്കാൻ പ്രേരിപ്പിക്കണം. വേണമെങ്കിൽ നാരങ്ങാനീരോ, തേനോ ഒക്കെ ചേർക്കാവുന്നതാണ്. വെജിറ്റബിൾ സൂപ്പ് ഏതുപ്രായക്കാർക്കും എത്ര വേണമെങ്കിലും കുടിക്കാവുന്നതാണ്. ചുരുക്കത്തിൽ ദാഹിക്കുമ്പോൾ മാത്രമല്ല നാം വെള്ളം കുടിക്കേണ്ടത്. പ്രായപൂർത്തിയായ ഒരാൾ ചുരുങ്ങിയത് പത്തു ഗ്ലാസ്സ് വെള്ളമെങ്കിലും ദിവസവും കുടിച്ചിരിക്കണം. ഒരിക്കൽ കിഡ്നിയുടെ പ്രവർത്തനത്തിനു തകരാർ സംഭവിച്ചാൽ പുറത്തുപോകുന്ന മൂത്രത്തിന്റെ അളവുനോക്കി അതിന്റെ ഒന്നര ഇരട്ടി മാത്രമേ ജലാംശം ഉള്ളിൽ കഴിക്കാവൂ. കാപ്പിയുടേയും ചായയുടേയും ഉപയോഗവും കുറയ്ക്കണം. ❑

## ആദരാഞ്ജലികൾ



**ഒ. യു. ഉലഹന്നാൻ**
**ഒറ്റപ്ലാക്കൽ**



വാർത്തകൾ

## തേക്കുങ്കൽ ലിജിൻ മാത്യു മെമ്മോറിയൽ ഭദ്രാസനതല സംഗീത മത്സരം

**അ**മയന്നൂർ: കാരാട്ടുകുന്നേൽ സെന്റ് മേരീസ് ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ കോട്ടയം, കോട്ടയം സെൻട്രൽ ഭദ്രാസനങ്ങളിലെ 10 നും 16 നും ഇടയ്ക്ക് പ്രായമുള്ള സൺഡേസ്ക്കൂൾ വിദ്യാർത്ഥികൾക്കായി ആഗസ്റ്റ് മാസം 26–ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.30–ന് തേക്കുങ്കൽ ലിജിൻ മാത്യു മെമ്മോറിയൽ സംഗീത മത്സരം നടത്തപ്പെടുന്നു. ഒന്നും രണ്ടും മൂന്നും സ്ഥാനം ലഭിക്കുന്നവർക്ക് യഥാക്രമം 4001, 3001, 1001 രൂപ ക്യാഷ് അവാർഡും എവറോളിംഗ് ട്രോഫിയും നൽകപ്പെടുന്നതാണ്. മത്സരത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ സൺഡേസ്ക്കൂൾ ഹെഡ്മാസ്റ്ററുടെ സാക്ഷ്യപത്രവുമായി 26–ാം തീയതി ഉച്ചകഴിഞ്ഞ് 1.30 ന് മുമ്പായി അമയന്നൂർ കാരാട്ടുകുന്നേൽ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ എത്തിച്ചേരേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക്: ശ്രീ. ബിബിൻ പി. കുര്യൻ, വൈസ് പ്രസിഡന്റ്, മൊബൈൽ – 9656544456. ശ്രീ. ബിബിൻ വർഗീസ്, സെക്രട്ടറി, മൊബൈൽ – 9744570660.

## അമയന്നൂർ ഫാർമേഴ്സ് ക്ലബ്ബ്

**അ**മയന്നൂർ: നാഷണൽ ബാങ്ക് ഫോർ–അഗ്രിക്കൾച്ചർ ആന്റ് റൂറൽ ഡവലപ്മെന്റ് (നബാർഡ്) രജിസ്ട്രേഷനോടെ അമയന്നൂരിൽ ആരംഭിച്ചിരിക്കുന്ന കർഷകരുടെ ഈ സംഘടനയെ കാനറാ ബാങ്കിന്റെ ഹൈ–ടെക് അഗ്രിക്കൾച്ചറൽ ഫൈനാൻസ് ബ്രാഞ്ച് ആണ് സ്പോൺസർ ചെയ്തിരിക്കുന്നത്.

കാർഷിക മേഖലയിൽ വിവിധ ഗവേഷണ സ്ഥാപനങ്ങൾ വഴി ആധുനിക സാങ്കേതിക വിദ്യയെ കാർഷിക വൃത്തിയിലേക്ക് സമന്വയിപ്പിക്കുന്ന പുതിയ കണ്ടുപിടിത്തങ്ങൾ കർഷകർക്കു പരിചയപ്പെടുത്തുകയും വിത്തു മുതൽ വിളവെടുപ്പും, സംസ്ക്കരണവും, വിപണനവും വരെയുള്ള കാർഷിക പ്രവർത്തനങ്ങളിൽ സംഘടിച്ചുള്ള പ്രവർത്തനങ്ങളിലൂടെ കൃഷിയെ ആധുനീകരിച്ച് ലാഭകരവും ആകർഷകവും ആക്കുന്നതിനു ലക്ഷ്യമിടുന്ന ഈ ക്ലബ്ബിന്റെ ഉദ്ഘാടനം കാനറാ ബാങ്കിന്റെ ചീഫ് മാനേജർ ശ്രീ. ജോർജ്ജ് അഗസ്റ്റിൻ ജൂൺ 26–ന് നിർവഹിച്ചു.

ചീഫ് കോഓർഡിനേറ്റർ: ശ്രീ. കുര്യാക്കോസ് ഏബ്രഹാം, കാരയ്ക്കലോലിക്കൽ ഫോൺ: 9447798460, ജോയിന്റ് കോ ഓർഡിനേറ്റർ: ശ്രീ. മാത്യു ഉലഹന്നാൻ, വാഴപ്പറമ്പിൽ ഫോൺ : 9495443961

## സഹപാഠ്യ മത്സരങ്ങൾ

സണ്ടേസ്കൂളിന്റെ 2012 വർഷത്തെ സഹപാഠ്യ മത്സരങ്ങൾ ആഗസ്റ്റ് 19–ാം തീയതി സബ് ജൂണിയർ, ജൂണിയർ, സീനിയർ തലങ്ങളിൽ താഴെപ്പറയുന്ന ഇനങ്ങൾ നടത്തപ്പെടും.

സബ്ജൂണിയർ :–1. ലളിതഗാനം, 2. പ്രസംഗം

ജൂണിയർ :–1. ലളിതഗാനം, 2. പ്രസംഗം, 3. സമൂഹഗാനം, 4. വേദവാക്യം

സീനിയർ :– 1. ലളിതഗാനം, 2. പ്രസംഗം, 3. സമൂഹഗാനം, 4. വേദവാക്യം, 5. പൊതുവിജ്ഞാനം

## മത്സരപരീക്ഷാ വിജയികൾ

സണ്ടേസ്കൂൾ മണർകാട് ഡിസ്ട്രിക്റ്റ് മത്സരപരീക്ഷയിൽ നമ്മുടെ സണ്ടേസ്കൂളിൽ നിന്ന് അഞ്ചാം ക്ലാസ്സിൽ അനു ജോൺ രണ്ടാം സ്ഥാനവും ആറാം ക്ലാസ്സിൽ അനി കെ. ചെറിയാൻ ഒന്നാം സ്ഥാനവും ഏഴാം ക്ലാസ്സിൽ അഷേർ ഏബ്രഹാം കുറിയാക്കോസ് ഒന്നാം സ്ഥാനവും ഒമ്പതാം ക്ലാസ്സിൽ ഗ്രെയ്സു സാറാ സൈമൺ രണ്ടാം സ്ഥാനവും പത്താം ക്ലാസ്സിൽ സുനു ആഷാ മാത്യു രണ്ടാം സ്ഥാനവും കരസ്ഥമാക്കി. ❑

## നല്ലതായി കണ്ടതിനെ നല്ലതായി കാക്കാം

**Reenu Elizabeth Abraham**

**ദൈ**വം സൃഷ്ടിച്ച് നല്ലത് എന്ന് കണ്ട ലോകത്തിലാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചാക്കിയത്. ഈ പ്രപഞ്ചം സുന്ദരമായ ഒരു കലാസൃഷ്ടിയാണ്. അതു ആസ്വദിക്കുമ്പോൾ അതിന്റെ കലാകാരനെ നാം ഓർക്കണം. കടലും, കായലും, പുഴയും, അരുവികളും, മരങ്ങളും, കാടുകളും, ചെടികളും, പുൽക്കൊടികളും, മൃഗങ്ങളും, പക്ഷികളും, പ്രാണികളും എല്ലാം എത്ര വിസ്മയകരമായും സുന്ദരമായും സൃഷ്ടിച്ചിരിക്കുന്നു. ഇവയെല്ലാം വചനത്താൽ ആണ് ഉളവായത്. 'ഉളവായതൊന്നും അവനെ കൂടാതെ ഉളവായതല്ല'.

ലോകത്തിൽ ദൈവത്തിന്റെ പ്രതിനിധികളും കാര്യവിചാരകരായും പ്രവർത്തിക്കുക എന്നതാണ് മനുഷ്യരെക്കുറിച്ചുള്ള ദൈവോദ്ദേശ്യം. സൃഷ്ടിയെ പരിപാലിക്കുകയും പ്രകൃതിയോട് സമരസപ്പെട്ടു ജീവിക്കുകയും ചെയ്യണം എന്ന ഉദ്ദേശ്യമായിരുന്നു സൃഷ്ടിയുടെ മകുടമായ മനുഷ്യനെ നിയമിച്ചതിന് പിന്നിലെ ലക്ഷ്യം തന്നെ. പാപത്തിനധീനനായി മനുഷ്യൻ ദൈവത്തോടുള്ള വിശ്വസ്തത മറന്ന് സ്വാർത്ഥരായി തീർന്നു. സംരക്ഷകരാകേണ്ടവർ നശിപ്പിച്ചു രസിക്കുന്നവരായി മാറി. തങ്ങൾ ശാസ്ത്ര സാങ്കേതിക മേഖലയിൽ സ്വന്തമാക്കിയ അറിവുകൾ പോലും പ്രകൃതിയെ അടിമപ്പെടുത്താനും അതിന്റെ സന്തുലിതവും സമഗ്രതയും അപകടപ്പെടുത്തുംവിധം അധികമായി ചൂഷണം ചെയ്യാനും വിനിയോഗിക്കുന്നു. നമ്മുടെ പരിഷ്കൃത ജീവിത സമ്പ്രദായം പ്രകൃതിക്ക് പ്രഹരമേല്പിക്കുന്നു. ഇവയുടെ ഫലമായി നാം അനുഭവിക്കുന്ന ദുരിതങ്ങൾ എത്രയധികം? ചിന്തിക്കുക!!

പരിസ്ഥിതി അവബോധത്തിലെ ആദ്ധ്യാത്മികത സഭയുടെ പ്രേഷിതവൃത്തിയിലെ അവിഭാജ്യഘടകമാണ്. ജീവൻ ദൈവത്തിന്റെ ദാനമെങ്കിൽ ജീവനെ സംരക്ഷിക്കേണ്ടതും, സൃഷ്ടാവിനെ അനുസരിച്ച് ഈ ദാനത്തെ പരിരക്ഷിക്കേണ്ടതും നമ്മുടെ കടമ ആണ്. പ്രകൃതിയെ ദൈവഹിതത്തിനനുസൃതമായി ഉപയോഗപ്പെടുത്തുവാൻ നാം ബാധ്യസ്ഥരാണ്. ഹരിതഭവനം, ഹരിതസഭ, ഹരിതഇടവക എന്നതൊക്കെ ഇന്നത്തെ നമ്മുടെ സ്വപ്നങ്ങളാണ്. നമ്മുടെ ചുറ്റുപാടിൽ പച്ചപ്പിനെ നിലനിർത്തുന്നതിൽ നാം ഉത്സാഹിക്കേണ്ടതും അതിനായുള്ള കർമ്മപരിപാടികൾ ആസൂത്രണം ചെയ്യേണ്ടതും നമ്മുടെ ദൗത്യമായി കണക്കാക്കണം.

മനുഷ്യനും ദൈവവും, മനുഷ്യനും മനുഷ്യനും, മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധങ്ങൾ സജീവമായി കാക്കപ്പെടേണ്ടതായുണ്ട്. ഇവയിലൂടെ ദൈവമഹത്വം കാണാനും വരും തലമുറകൾക്കും ഇതാസ്വദിക്കത്തക്കവിധത്തിൽ അതിനെ പരിരക്ഷിക്കാനും നമുക്ക് കഴിയണം. പ്രകൃതിയോടു നാം പുലർത്തുന്ന ആദരവ് നമുക്കും വരും തലമുറയ്ക്കും നന്മകൾ വരുത്തും. ദുഷ്പ്രവൃത്തി ദുഃഖവും 100 കോടി വത്സരം കഴിഞ്ഞാലും നാം ചെയ്യുന്ന കർമ്മഫലം അനുഭവിക്കാതെ തരമില്ല. നല്ലതായി ദൈവം കണ്ട ലോകത്തെ നല്ലതായിത്തന്നെ സൂക്ഷിക്കാം, ഓർക്കുക, The earth does not belong to man; man belongs to the earth.

## സെറ്റ് ബുക്ക് വിതരണം

പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ നിർധനരായ 34 വിദ്യാർത്ഥികൾക്ക് പഠനത്തിനാവശ്യമായ സെറ്റ് ബുക്കുകൾ വിതരണം ചെയ്തു.

## വിദ്യാഭ്യാസ ഒരുക്കസെമിനാർ

യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ സണ്ടേസ്കൂൾ വിദ്യാർത്ഥികൾക്കുവേണ്ടി ജൂൺ 1–ാം തീയതി ഞായറാഴ്ച വിദ്യാഭ്യാസ ഒരുക്ക സെമിനാർ നടത്തപ്പെട്ടു. മാന്നാനം കെ. ഇ. സ്കൂൾ പ്രിൻസിപ്പൽ ഫാ. ജയിംസ് മുല്ലശ്ശേരിൽ നേതൃത്വം നൽകി.

## യുവജന വാരാഘോഷം 2012

യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് മാസം 26 മുതൽ സെപ്റ്റംബർ 2–ാം തീയതി വരെ യുവജന വാരമായി ആഘോഷിക്കും. യുവജന വാരത്തോടനുബന്ധിച്ച് ക്വിസ് മത്സരം, ഷട്ടിൽ ടൂർണ്ണമെന്റ് എന്നിവ നടത്തപ്പെടും.

## നേത്രചികിത്സാ ക്യാമ്പ്

യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ ആദ്യവാരം നേത്ര ചികിത്സാ ക്യാമ്പ് നടത്തും.

വര



റിന്റു മേരി ഏബ്രഹാം

ജന്മദിന ആശംസകൾ



മെറിൻ കുര്യൻ
പുതിയപുരയിടത്തിൽ

വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട്



ഒരു വിശ്വാസി

വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട്



ഒരു വിശ്വാസി

*വിവാഹ മംഗളാശംസകൾ...*



ബെന്നി ജോൺ കുരുവിള & ബെറ്റ്സിമോൾ സ്കറിയ
വഷണത്തോട്ടത്തിൽ

Printed and Published by Fr. P. C. Varghese, President St. Mary's Youth Movement, Karattukunnel. Editor: Anish P. Scaria
E-mail Address: karattukunnelocym@gmail.com Printed at Sophia Print House, Kottayam.